"ഭരണഭാഷ - മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

## (കേരള സംസ്ഥാനം)

നമ്പർ:ഇ5/20230/17

ട്രെയിനിംഗ് ഡയറക്ടറേറ്റ്
തൊഴിൽ ഭവൻ
തിരുവനന്തപുരം-33
തീയതി :02.02.2018

## സർക്കുലർ

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - അടിയന്തിര സംഭരണം - വ്യവസ്ഥകൾ പാലിക്കുന്നത് - സംബന്ധിച്ച്.

---

ഈ വകുപ്പിന് കീഴിൽ പ്രവർത്തിച്ച് വരുന്ന വിവിധ ഐ.ടി.ഐകളിൽ പരീക്ഷ നടത്തിപ്പ് തുടങ്ങിയ അടിയന്തിര സ്വഭാവമുള്ള ആവശ്യങ്ങൾക്കായി സാധന സാമഗ്രികൾ നടപടിക്രമങ്ങൾ പാലിക്കാതെ വാങ്ങുകയും ടി നടപടി സാധൂകരിക്കുന്നതിനായി ഈ കാര്യാലയത്തിലേക്ക് ശിപാർശ അയയ്ക്കുകയും ചെയ്യുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പലപ്പോഴും സ്റ്റോർ പർച്ചേസ് റൂൾസ് വ്യവസ്ഥകൾ പാലിക്കാതെയാണ് സംഭരണ നടപടികൾ സ്വീകരിക്കുന്നത്. ആറുമാസത്തേക്കുള്ള ട്രേഡ് സിലബസ്സ് പ്രകാരമുള്ള ട്രെയിനിംഗിനും ആറുമാസത്തിനുള്ളിൽ വരുന്ന ട്രേഡ് ടെസ്റ്റിനും ആവശ്യമായ കൺസ്യൂമബിൾസിന്റെ ആവശ്യകത സ്റ്റോർ പർച്ചേസ് മാന്വൽ, കെ.എഫ്.സി പർച്ചേസ് മാന്വൽ എന്നിവ പ്രകാരം മുൻകൂട്ടി കണക്കാക്കി വ്യവസ്ഥകൾ പാലിച്ച് കൊണ്ട് തുടർന്നുള്ള സംഭരണ നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ സ്ഥാപന മേധാവികൾക്കും കർശന നിർദ്ദേശം നൽകുന്നു.

കൺസ്യൂമബിൾസിനായി ട്രേഡ് ഇൻസ്ട്രക്ടർമാർ സമർപ്പിക്കുന്ന ശിപാർശകളിലെ ഇനങ്ങൾ സ്റ്റോറിൽ ലഭ്യമല്ല എന്ന് സ്റ്റോർ കീപ്പറും, സിലബസ്സ് പരിശോധിച്ച് ട്രെയിനിംഗിനായി ആറുമാസത്തിനകമുള്ള ആവശ്യകതയാണെന്ന് ബന്ധപ്പെട്ട ഗ്രൂപ്പ് ഇൻസ്ട്രക്ടറും സർട്ടിഫൈ ചെയ്തിട്ടുണ്ടെന്ന് പ്രിൻസിപ്പാൾ ഉറപ്പുവരുത്തിയിരിക്കണം.

അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്

സ്വീകർത്താവ്:- എല്ലാ സ്ഥാപനമേധാവികൾക്കും
(വകുപ്പ് വെബ്സൈറ്റ് മുഖേന)

ആർ.വി 03.02.18